"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്- എളമക്കര എൻ.എസ്.എസ് കരയോഗം ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.26618/2014 നമ്പർ കേസിന്മേലുള്ള വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.924/2026/RD തീയതി,തിരുവനന്തപുരം, 12-05-2026

---

പരാമർശം:-

1. 03/10/2007 ലെ സ.ഉ(കൈ) 353/2007/റവ. നമ്പർ ഉത്തരവ്.
2. എളമക്കര എൻ.എസ്.എസ് കരയോഗം ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)32720/2007 നമ്പർ കേസിന്റെ 05.11.2007 ലെ വിധിന്യായം.
3. 11/06/2014 ലെ 84031/A3/07/RD നമ്പർ സർക്കാർ കത്ത്.
4. എളമക്കര എൻ.എസ്.എസ് കരയോഗം ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.26618/2014 നമ്പർ കേസിന്റെ 16.07.2021ലെ വിധിന്യായം.
5. എറണാകുളം ജില്ലാ കളക്ടറുടെ 10/11/2021 ലെ എൽ9-56955/21 നമ്പർ കത്ത്.
6. 09.08.2025 ലെ സ.ഉ(കൈ)240/2025/റവ നമ്പർ ഉത്തരവ്
7. ലാൻഡ് റവന്യൂ കമ്മീഷണറുടെ 03.02.2026 ലെ LR/2647/2023-LR(J7) നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിൽ, കണയന്നൂർ താലൂക്കിൽ പ്രവർത്തിച്ചിരുന്ന എളമക്കര വായനശാലയുടെ 1995-2004 കാലയളവിലേക്ക് പാട്ടം പുതുക്കി നിശ്ചയിച്ചുകൊണ്ടും, പ്രസ്തുത സ്ഥാപനം കുത്തകപ്പാട്ട വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ളതിനാൽ, നടപ്പ സാമ്പത്തിക വർഷം വരെയുള്ള പാട്ടം പിരിച്ചെടുത്ത്, സ്ഥലം സർക്കാരിലേക്ക് തിരിച്ചെടുത്തുകൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2) പ്രസ്തുത ഉത്തരവിനെതിരെ എളമക്കര എൻ.എസ്.എസ് കരയോഗം ഹൈക്കോടതിയിൽ WP(C) 32720/07 നമ്പറായി കേസ് ഫയൽ ചെയ്യുകയും പരാതിക്കാരനെ നേരിൽ കേട്ട് തീരുമാനമെടുക്കാനും

ആക്ഷേപങ്ങൾ ഉന്നയിക്കാൻ അവസരം നൽകാനും നിർദ്ദേശിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ബഹു.ഹൈക്കോടതി വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി.

3) പരാമർശ ഭൂമി പതിച്ചു കിട്ടണമെന്നാവശ്യപ്പെട്ട് സ്ഥാപനം സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിക്കുകയും, ലാൻഡ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്യാത്തതിനാൽ പ്രസ്തുത ഭൂമി പതിച്ചു കിട്ടുന്നതിനുള്ള അപേക്ഷ പരിഗണിക്കാനാകില്ലായെന്ന് പരാമർശം (3) പ്രകാരം സ്ഥാപനത്തിനെ അറിയിയ്ക്കുകയും ചെയ്തു. ഇതിനെതിരെ സ്ഥാപനം വീണ്ടും ബഹു.ഹൈക്കോടതിയിൽ WP(C) 26618/14 നമ്പറായി കേസ് ഫയൽ ചെയ്തു. പരാതിക്കാരനെ കേട്ട് പതിവപേക്ഷയിൽ തീരുമാനം എടുക്കുവാൻ നിർദേശിച്ച് കൊണ്ട് പരാമർശം (4) പ്രകാരം ബഹു.ഹൈക്കോടതി വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി.

4) മേൽ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 20/11/2021 ന് അപേക്ഷകരെ നേരിൽ കേൾക്കുകയുണ്ടായി. എളമക്കര വായനശാലയ്ക്ക് സർക്കാർ പാട്ടത്തിന് നൽകിയിരുന്ന 6.162 സെന്റ് സ്ഥലവും ഇതിനോടു ചേർന്നു കിടക്കുന്ന 5 സെന്റ് ഭൂമിയും 1976 മുതൽ ടി കരയോഗത്തിന്റെ കൈവശത്തിലാണെന്നും ഇപ്പോൾ ടി കരയോഗമാണ് ടി വായനശാലയുടെ നടത്തിപ്പുകാരെന്നും വായനശാല ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ നിർമ്മാണം നടത്തിയതും കരയോഗമാണെന്നും ടി ഭൂമി വിലയ്ക്കെടുക്കാൻ കരയോഗം തയ്യാറാണെന്നും സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ച് ഭൂമി assign ചെയ്തു കിട്ടാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും NSS കരയോഗം ഭാരവാഹികൾ ആവശ്യപ്പെടുകയുണ്ടായി.

5) പാട്ടത്തിനു നൽകിയിരുന്ന 6.162 സെന്റ് റോഡ് പുറമ്പോക്ക് ഭൂമിയിൽ ഉണ്ടായിരുന്ന കെട്ടിടം റവന്യൂ വകുപ്പിന്റെ അനുമതി കൂടാതെ പൊളിച്ചു മാറ്റി 11 സെന്റോളം സർക്കാർ പുറമ്പോക്ക് ഭൂമി കൂടി അനധികൃതമായി കയ്യേറുകയും കയ്യേറിയ സർക്കാർ ഭൂമിയിൽ ഇരുനില കെട്ടിടം പണിത് 20 ഓളം മുറികളുള്ള ഷോപ്പിംഗ് കോംപ്ലക്സും ഓഡിറ്റോറിയവുമായി പ്രവർത്തിപ്പിച്ച് വാടകയ്ക്ക് നൽകി അനധികൃതമായി ധനസമ്പാദനം നടത്തിക്കൊണ്ടിരിക്കുകയും ഒരുമുറിയിൽ മാത്രം നാമ മാത്രമായ രീതിയിൽ വായനശാല പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു. 1995 മുതലുള്ള പുതുക്കിയ പാട്ടം ഒടുക്കാൻ തയ്യാറാകാതെ നിയമവ്യവഹാരങ്ങളിലൂടെ പാട്ടകടിശ്ശിക ഈടാക്കുന്നതിനും ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്റ്റേ സമ്പാദിച്ചിട്ടുള്ളതുമാണെന്ന് ജില്ലാ കളക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

6) എളമക്കര വായനശാലയ്ക്ക് പാട്ടത്തിനു നൽകിയിട്ടുള്ള ഇടപ്പള്ളി സൗത്ത് വില്ലേജ് സർവേ നമ്പർ 194/9 ൽപ്പെട്ട ഭൂമി വില്ലേജ് റിക്കാർഡുകൾ പ്രകാരം റോഡ് പുറമ്പോക്ക് ആണ്. കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ പ്രകാരം റോഡു പുറമ്പോക്ക് പതിച്ചു നൽകുവാൻ സാധ്യമല്ലാത്തതാണ്. പരാമർശം (6) ഉത്തരവിലെ വ്യവസ്ഥ (iv) -ൽ കുത്തകപ്പാട്ടമായോ, പാട്ടമായോ കൈവശം വച്ചിട്ടുള്ള ഭൂമി പതിച്ചു നൽകരുതെന്നും, പാട്ടം പുതുക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കാമെന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്. ആയതിനാൽ പ്രസ്തുത ഉത്തരവ്

പ്രകാരം എളമക്കര എൻ.എസ്.എസ് കരയോഗത്തിന് ഭൂമി പതിച്ചു നൽകുന്നതിന് വ്യവസ്ഥയില്ലായെന്നും എളമക്കര വായനശാലയ്ക്ക് പാട്ടത്തിനു നൽകിയ ഭൂമിയിൽ സർക്കാരിന്റെ അനുവാദം കൂടാതെ കെട്ടിടങ്ങൾ പണിത് അനധികൃത ധനസമ്പാദനം നടത്തി പാട്ടവ്യവസ്ഥകൾ ലംഘിച്ചിട്ടുള്ളതിനാലും സ്ഥാപനത്തിന് തുടർന്നും ഭൂമി പാട്ടവ്യവസ്ഥയ്ക്ക് നൽകേണ്ടതില്ലായെന്നും ടി സ്ഥാപനത്തിൽ നിന്നും നാളിതുവരെയുള്ള പാട്ടകടിശ്ശിക ഈടാക്കി, ടി റോഡ് പുറമ്പോക്ക് തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (7) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

7) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (6) ഉത്തരവിലെ വ്യവസ്ഥ (iv) -ൽ കുത്തകപ്പാട്ടമായോ, പാട്ടമായോ കൈവശം വച്ചിട്ടുള്ള ഭൂമി പതിച്ചു നൽകരുതെന്നും, പാട്ടം പുതുക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കാമെന്നും നിഷ്കർഷിച്ചിട്ടുള്ളതിനാലും എളമക്കര വായനശാലയ്ക്ക് പാട്ടത്തിനു നൽകിയ ഭൂമിയിൽ സർക്കാരിന്റെ അനുവാദം കൂടാതെ കെട്ടിടങ്ങൾ പണിത് അനധികൃത ധനസമ്പാദനം നടത്തി പാട്ടവ്യവസ്ഥകൾ ലംഘിച്ചിട്ടുള്ളതിനാലും, ഭൂമി പതിവിനുള്ള അപേക്ഷ നിരസിച്ച് കൊണ്ടും ടി സ്ഥാപനത്തിൽ നിന്നും നാളിതുവരെയുള്ള പാട്ടകടിശ്ശിക ഈടാക്കി ഭൂമി തിരിച്ചെടുക്കുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകികൊണ്ടും എളമക്കര എൻ.എസ്.എസ് കരയോഗം ഫയൽ ചെയ്ത പരാമർശം (4) ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനു എസ് നായർ ഐ എ എസ്

ഡെപ്യൂട്ടി സെക്രട്ടറി

1. അഡ്വക്കറ്റ് ജനറൽ, എറണാകുളം ( ആമുഖ കത്ത് സഹിതം)
2. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, എറണാകുളം.
4. സെക്രട്ടറി, എൻ.എസ്.എസ് കരയോഗം, എളമക്കര, കൊച്ചി-682026.
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
6. ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ (എ3/129/2021/റവ)

ഉത്തരവിൻ പ്രകാരം

Signed by

Prathapachandran S

Date: 12-05-2026 14:47:37

സെക്ഷൻ ഓഫീസർ